# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1366 11.02.2016 ൽ മറുപടിയ്ക്ക്
### പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീമതി.കെ.കെ.ലതിക | | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമിരുന്ന റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ തിരികെ അതത് സ്ഥാപനങ്ങൾക്കു തന്നെ കൊടുക്കുന്നതിന് നിയമ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | സർക്കാരിന്റെ നയപരമായ തീരുമാനമനുസരിച്ചാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത്. ഈ റോഡുകൾ മെച്ചപ്പെട്ട രീതിയിൽ പുനരുദ്ധരിക്കുന്നതിനും പരിപാലിക്കുന്നതിനുമായി പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടേയും ആവശ്യം മാനിച്ചാണു സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കുറച്ചു റോഡുകൾ ഏറ്റെടുത്തത്. അതിനാൽ അവ തിരിച്ചു നൽകണമെന്ന ആവശ്യം ഉണ്ടാകുമെന്ന് കരുതുന്നില്ല. |
| (ബി) | ഏറ്റെടുത്ത റോഡുകളിൽ അറ്റകുറ്റപണികളോ പരിഷ്ക്കരണ പ്രവർത്തികളോ ഇതുവരെ നടത്തിയിട്ടില്ലെങ്കിൽ അറ്റകുറ്റപണികൾ നടത്തുമോ; ഇല്ലെങ്കിൽ അവ ബന്ധപ്പെട്ട പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് അടിയന്തരമായി വിട്ടുനൽകുമോ? | (ബി) | പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ഈ റോഡുകളുടെ അറ്റകുറ്റപണികൾ ചെയ്തുവരുന്നു. എന്നാൽ ഇവ പൂർണ്ണമായും പ്രധാന ജില്ലാ റോഡുകളുടെ നിലവാരത്തിൽ പുനരുദ്ധരിക്കുവാൻ ഫണ്ടിന്റെ അപര്യാപ്തത മൂലം സാധിച്ചിട്ടില്ല. ഈ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി കെ.എസ്.ടി.പി. മുഖേന റോഡുകളിൽ സാദ്ധ്യതാപഠനം നടത്തുകയുണ്ടായി. ഇതിനായി 23305.94 കോടി രൂപയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ മുൻഗണനാ പ്രകാരം ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ